**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7358** — **14.7.2014-ൽ മറുപടിക്ക്**

## നഗരജ്യോതി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, ഷാഫി പറമ്പിൽ<br>,, ഹൈബി ഈഡൻ<br>,, പി.എ. മാധവൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | നഗരങ്ങളിൽ നഗരജ്യോതി പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>സംസ്ഥാനത്ത് നഗരങ്ങളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന തെരുവു വിളക്കുകൾ മാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിന് "നഗരജ്യോതി" എന്ന പേരിൽ ഒരു പദ്ധതിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | നഗരങ്ങളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന തെരുവ് വിളക്കുകൾ ഊർജ്ജ ക്ഷമതയും കാര്യക്ഷമതയും കുറഞ്ഞതും പരിപാലന ചെലവ് കൂടിയതുമായതിനാൽ ഇതിന് പകരം എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ച് ഊർജ്ജക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനാണ് "നഗരജ്യോതി" പദ്ധതി ലക്ഷ്യമിടുന്നത്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും രൂപപ്പെടുത്തുന്നതിനും പ്രോജക്ട് റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനുമായി രൂപീകരിച്ച, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അധ്യക്ഷനായ സമിതി 30/6/2014 ൽ യോഗം ചേർന്ന് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിച്ചു വരുന്ന എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (EESL)എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. |
| (സി) | ഇതിന്റെ പൈലറ്റ് പ്രോജക്ട് സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ടോ ; വിശദമാക്കുമോ; | (സി) | "നഗരജ്യോതി" പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്കല്ലെങ്കിലും തെരുവു വിളക്കുകൾ എൽ.ഇ.ഡി. വിളക്കുകളായി മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഒരു പ്രോജക്ട് പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. |
| (ഡി) | എല്ലാ നഗരങ്ങളിലേക്കും ഇത് വ്യാപിപ്പിക്കാൻ നടപടി എടുക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്തെ എല്ലാ നഗരസഭകളിലെയും തെരുവു വിളക്കുകൾ എൽ.ഇ.ഡി. വിളക്കുകളായി മാറ്റാനാണ് "നഗരജ്യോതി" പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**